ആശ്രിതർക്ക് പെൻഷൻ നൽകാൻ നടപടി

30 [1592] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലിരിക്കെ മരണമടഞ്ഞ ഭവനനിർമ്മാണ ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 27-5-1989-ലെ ജി. ഒ. (എം. എസ്.) 30/89/രജി. നമ്പർ ഉത്തരവ് അനുസരിച്ച് പ്രസ്തുത തീയതിക്ക് ശേഷം സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഏറനാട് താലൂക്ക് വില്ലേജ് അസിസ്റ്റന്റ് മുഹമ്മദിനെതിരെ ഉള്ള വിജിലൻസ് കേസിൻമേൽ നടപടി

31 [1593] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്ക് വില്ലേജ് അസിസ്റ്റന്റ് യു. മുഹമ്മദിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായി ഏറനാട് തഹസീൽദാർക്ക് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ദേവികുളം തഹസീൽദാർ അപമര്യാദയായി പെരുമാറിയതിന് എതിരെ നടപടി

32 [1595] ശ്രീ. സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം പിണവർകുടി ഹരിജൻ കോളനിയിൽ താമസിക്കുന്ന കോതാരി പത്മനാഭനോട് ദേവികുളം തഹസീൽദാർ അപമര്യാദയായി പെരുമാറിയിട്ടുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത സംഭവം സംബന്ധിച്ച് കുറ്റക്കാർക്ക് എതിരെ എന്ത് നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

കേന്ദ്ര സഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതികൾ

33 [1598] ശ്രീ. വി. കേശവൻ:

,, എം. നാരായണൻ (കുഴൽമന്ദം):

,, സി. കെ. സദാശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറു ശതമാനം കേന്ദ്ര സഹായത്തോടെ ഭവനനിർമ്മാണ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 1991–92 മുതൽ 1995–96 വരെ ഉള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സഹായമായി ലഭിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചു; എന്തു തുക ലാപ്സായി; എന്തു തുക വീതം വകമാറി ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഡി) ഭവനനിർമ്മാണ പദ്ധതികൾക്കായി 1991–92 മുതൽ 1995–96 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാന സർക്കാർ ബഡ്ജറിൽ നീക്കിവച്ച തുകയിൽ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചു; എന്തു തുക ലാപ്സായി; എന്തു തുക വകമാറി ചെല വഴിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നൂറു ശതമാനം കേന്ദ്രസഹായത്തോടെ ഭവനനിർമ്മാണ വകുപ്പിൽ നടപ്പിലാക്കുന്ന യാതൊരു പദ്ധതിയും ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly